"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നിയമ വകുപ്പ് - ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവണ്മെന്റ് പ്ലീഡറുടെ (ഇറിഗേഷൻ) നിലവിലുള്ള ഒഴിവിൽ അഡ്വ. ഡേവിസ് പി.ഐ.-യെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ്**

സ.ഉ.(കൈ) നം.36/2025/LAW തീയതി,തിരുവനന്തപുരം, 24-04-2025

---

പരാമർശം:-

1. 27.06.2023 തീയതിയിലെ സ.ഉ.(കൈ) നം.59/2023/LAW നമ്പർ ഉത്തരവ്.
2. 25.02.2025 തീയതിയിലെ സ.ഉ.(കൈ) നം.19/2025/LAW നമ്പർ ഉത്തരവ്.
3. അഡ്വക്കേറ്റ് ജനറലിന്റെ 11.03.2025 തീയതിയിലെ S.S -GK2/2021/AG നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർ ശം (1) പ്രകാരം ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (ഇറിഗേഷൻ) ആയി നിയമിച്ചിരുന്ന അഡ്വ. സുജിത് മാത്യു ജോസ് 01.03.2025 തീയതി പ്രാബല്യത്തിൽ രാജി സമർപ്പിക്കുകയും ആയത് സർക്കാർ പരാമർശം( 2 ) പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. ആയതിനെ തുടർന്നുണ്ടായ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ (ഇറിഗേഷൻ) ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിലേയ്ക്കായി ഒരു പാനൽ അഡ്വക്കേറ്റ് ജനറൽ പരാമർ ശം ( 3 ) പ്രകാരം ലഭ്യമാക്കിയിട്ടുള്ളതാണ്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ച പരാമർശം (3) പ്രകാരം അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കിയിട്ടുള്ള പാനലിൽ നിന്നും ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവണ്മെന്റ് പ്ലീഡറുടെ (ഇറിഗേഷൻ) നിലവിലുള്ള ഒഴിവിലേയ്ക്ക് അഡ്വ. ഡേവിസ് പി.ഐ. , സി1-എച്ച്, അനശ്വര സരോവരം അപ്പാർട്ട്മെന്റ്സ്, ഉണിച്ചിറ-തൈക്കാവ് റോഡ്, ഉണിച്ചിറ, ചങ്ങമ്പുഴ നഗർ പി.ഒ., എറണാകുളം.- 682 033-യെ ചുമതല ഏറ്റെടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്ക് നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത അഭിഭാഷകന്റെ നിയമനവും സേവന വേതന വ്യവസ്ഥകളും 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കും. ടി ഉത്തരവ് പ്രകാരം നിയമിതനായ അഭിഭാഷകൻ ചുമതല ഏറ്റെടുക്കുന്ന തീയതി അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K G SANAL KUMAR

നിയമ സെക്രട്ടറി

1.അഡ്വ. ഡേവിസ് പി.ഐ. സി1-എച്ച്, അനശ്വര സരോവരം അപ്പാർട്ട്മെന്റ്സ്, ഉണിച്ചിറ-തൈക്കാവ് റോഡ്, ഉണിച്ചിറ, ചങ്ങമ്പുഴ നഗർ പി.ഒ., എറണാകുളം.- 682 033 -നെ (അഡ്വക്കേറ്റ് ജനറൽ മുഖാന്തരം)

2. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.

3. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

4. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.

5. ബഹു.നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പി.എസ്.

6. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള, തിരുവനന്തപുരം.

7. പൊതുഭരണ (എസ്.സി) വകുപ്പ് (മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. 2879 തീയതി 23/04/2025)

8. നിയമ സെക്രട്ടറിയുടെ പി.എ.

9. അഡീഷണൽ നിയമ സെക്രട്ടറിയുടെ (ഇൻസ്പെക്ഷൻ) സി.എ.

10. ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം

11. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.

12. നിയമ (നോഡൽ) വകുപ്പ്.

13. നിയമ (മോണിറ്ററിങ് സെൽ) വകുപ്പ്.

14. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്(INS-B1/35/2025-LAW).

ഉത്തരവിൻ പ്രകാരം

**Signed by Sajjad S**
**Date: 24-04-2025 17:20:43**

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 23-04-2025

ഫയൽ നം. 35/ഇൻസ്‌പെ.ബി1/2025/നിയമം. ഇനം നം: 2879

വിഷയം : നിയമ വകുപ്പ് - ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ (ഇറിഗേഷൻ) നിയമനം - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

2879

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.35/ഇൻസ്പെ. ബി1/2025/നിയമം |
| 2 | വകുപ്പ് | : | നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ് |
| 3 | വിഷയം | : | ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ (ഇറിഗേഷൻ) നിയമനം - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 19/04/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അല്ല<br>ഇല്ല<br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ബി. പ്രതാപചന്ദ്രൻ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽകുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/04/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/04/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 22/04/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22/04/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (Irrigation) ആയിരുന്ന അഡ്വ.സുജിത് മാത്യു ജോസ് രാജിവെച്ചതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 27.06.2023 തീയതിയിലെ സ.ഉ.(കൈ) നം.59/2023/LAW നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയമിച്ചിരുന്ന അഡ്വ.സുജിത് മാത്യു ജോസ് 01.03.2025 തീയതി പ്രാബല്യത്തിൽ രാജി സമർപ്പിക്കുകയും ആയത് സർക്കാർ സ്വീകരിക്കുകയും 25.02.2025 തീയതിയിലെ സ.ഉ.(കൈ) നം.19/2025/LAW നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചാർജ്ജ് ക്രമീകരണം നടത്തിയിട്ടുള്ളതുമാണ്.

3. 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ 4 ഉം 6 ഉം ചട്ടങ്ങൾ പ്രകാരം ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരെ, മൂന്ന് വർഷ കാലയളവിലേയ്ക്ക്, അഡ്വക്കേറ്റ് ജനറൽ അയച്ചു തരുന്ന യോഗ്യരായ അഭിഭാഷകരുടെ പാനലിൽ നിന്നുമാണ് നിയമിക്കുന്നത്. പ്രസ്തുത 6-ാം ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിലെ വ്യവസ്ഥകൾ പ്രകാരം സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ തസ്തികയ്ക്ക് ഉയർന്ന പ്രായ പരിധി ബാധകമല്ലാത്തതാണ്.

4. ബഹു. ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ നിയമനവും പുനർ നിയമനവും നടത്തുന്നത് മന്ത്രിസഭായോഗ തീരുമാനത്തിലൂടെയാണ്.

5. ബഹു. ഹൈക്കോടതിയിലെ മേൽപ്പറഞ്ഞ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ തസ്തികയിൽ നിയമനം നടത്തുന്നതിലേയ്ക്കായി മൂന്ന് അഭിഭാഷകരുടെ പേരുകൾ അടങ്ങിയ ഒരു പാനൽ 11-03-2025 തീയതിയിലെ S.S -GK 2/2021/AG നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറൽ അയച്ചു തന്നിട്ടുള്ളതാണ്. പ്രസ്തുത പാനലിൽ ഉൾപ്പെട്ടവരുടെ പേരും വിശദാംശങ്ങളും താഴെ പറയും പ്രകാരമാണ്.-

1. അഡ്വ. ഡേവിസ് പി.ഐ.
   സി1-എച്ച്, അനശ്വര സരോവരം അപ്പാർട്ട്മെന്റ്സ്,

   ഉണിച്ചിറ-തൈക്കാവ് റോഡ്,

   ഉണിച്ചിറ, ചങ്ങമ്പുഴ നഗർ പി.ഒ.,

എറണാകുളം.- 682 033

2. അഡ്വ.രാജേഷ് ആർ.,

27/224, അഷ്ടപദി,

കെ. പി. വള്ളോൻ റോഡ്,

കടവന്ത്ര കൊച്ചി - 682 020

3. അഡ്വ. മുഹമ്മദ് ഫൈസൽ എ.,

43/1750 ബി, പൊറ്റക്കുഴി റോഡ്,

പച്ചാളം പി.ഒ., എറണാകുളം - 682 012

മേൽപ്പറഞ്ഞവരിൽ, അഡ്വ. ഡേവിസ് പി.ഐ. (ക്രമ നമ്പർ 1) എന്നയാൾ ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (Irrigation) തസ്തികയിൽ നിയമിക്കപ്പെടാൻ ഏറ്റവും കഴിവുള്ളതും അനുയോജ്യനുമായ വ്യക്തിയാണെന്ന് അഡ്വക്കേറ്റ് ജനറൽ പ്രസ്തുത കത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളതുമാണ്.

6. തുടർന്ന്, അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത പ്രകാരം പ്രസ്തുത പാനലിൽ നിന്നും ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ നിലവിലുള്ള ഒഴിവിലേയ്ക്ക് അഡ്വ. ഡേവിസ് പി.ഐ., സി1-എച്ച്, അനശ്വര സരോവരം അപ്പാർട്ട്മെന്റ്സ്, ഉണിച്ചിറ-തൈക്കാവ് റോഡ്, ഉണിച്ചിറ, ചങ്ങമ്പുഴ നഗർ പി.ഒ., എറണാകുളം - 682. 033 -നെ നിയമിക്കാവുന്നതാണോ എന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് നൽകിയിരുന്നു, അതായത് :--

"ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ (ഇറിഗേഷൻ) നിലവിലുള്ള ഒഴിവിലേയ്ക്ക് അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കിയ പാനലിൽ നിന്നും അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത പ്രകാരം അഡ്വ. ഡേവിസ് പി.ഐ. (ക്രമ നമ്പർ -1) സി1-എച്ച്, അനശ്വര സരോവരം അപ്പാർട്ട്മെന്റ്സ്, ഉണിച്ചിറ - തൈക്കാവ്

റോഡ്, ഉണിച്ചിറ, ചങ്ങമ്പുഴ നഗർ പി.ഒ., എറണാകുളം - **682 033** -യെ നിയമിക്കാവുന്നതാണോ എന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്.

ബഹു. മുഖ്യമന്ത്രി കണ്ടാലും. ”

ആയത് ബഹു. മുഖ്യമന്ത്രി 19/04/2025 തീയതിയിൽ അംഗീകരിച്ചിട്ടുള്ളതുമാണ്.

**തീരുമാനിക്കേണ്ട സംഗതി**

ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ (ഇറിഗേഷൻ) നിലവിലുള്ള ഒഴിവിലേയ്ക്ക് അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത പ്രകാരം അഡ്വ. ഡേവിസ് പി.ഐ. സി1-എച്ച്, അനശ്വര സരോവരം അപ്പാർട്ട്മെന്റ്സ്, ഉണിച്ചിറ-തൈക്കാവ് റോഡ്, ഉണിച്ചിറ, ചങ്ങമ്പുഴ നഗർ പി.ഒ., എറണാകുളം.- 682 033 -നെ ചുമതല ഏറ്റെടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്ക് 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നിയമിക്കാവുന്നതാണോ ?